പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 3392 25-06-2012 -ൽ മറുപടിക്ക്

## ബദൽ തർക്ക പരിഹാര സംവിധാനം

**ചോദ്യം**

ശ്രീ കെ. ശിവദാസൻ നായർ
ശ്രീ. പി.സി. വിഷ്ണു നാഥ്
ശ്രീ. എം. എ. വാഹിദ്
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

**ഉത്തരം**

ശ്രീ. കെ.എം. മാണി
(ബഹു.ധനകാര്യവും, നിയമവും, ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | ബദൽ തർക്ക പരിഹാര സംവിധാനത്തിന് പ്രചാരം വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ; ഇവ കൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാം; | ബദൽ തർക്ക പരിഹാര സംവിധാനത്തിന് പൊതുജനങ്ങളുടെയിടയിൽ പ്രചാരം വർദ്ധിച്ചു വരുന്നതായാണ് കാണുന്നത്. നിലവിൽ കെൽസയുടെ ചുമതലയിലുള്ള ലോക് അദാലത്ത്, മീഡിയേഷൻ എന്നീ ബദൽ തർക്ക പരിഹാര സംവിധാനങ്ങൾ മുഖേന കോടതിയിൽ നിലവിലുള്ളതും അല്ലാത്തതുമായ തർക്കങ്ങൾ പരിഹരിക്കുവാൻ ജനങ്ങളെ ബോധവൽക്കരിച്ചുവരുന്നു. 2011-12 കാലയളവിൽ കേരളസ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയുടെയും അനുബന്ധ സ്ഥാപന ങ്ങളുടെയും ആഭിമുഖ്യത്തിൽ നടത്തിയ ലോക് അദാലത്തുകളിൽ 25259 കേസുകളിന്മേലാണ് ഉഭയകക്ഷി സമ്മതപ്രകാരം തീർപ്പ് കൽപ്പിച്ചത്. ആയതുപോലെതന്നെ ഹൈക്കോടതിയിലും ലോക് അദാലത്ത് മുഖേന തീർപ്പാക്കുന്ന കേസുകളിന്മേൽ ലോക് അദാലത്ത് ബഞ്ച് പുറപ്പെടുവിക്കുന്ന അവാർഡ്, സിവിൽ കോടതി വിധി എന്നപോലെ നടപ്പാക്കാവുന്നതും തീർപ്പാകുന്ന കേസുകൾ കോടതികളിൽ നിലവിലുള്ളതാണെങ്കിൽ കോർട്ട് ഫീ കക്ഷികൾക്ക് തിരികെ ലഭിക്കുന്നതുമാണ്. മീഡിയേഷൻ മുഖാന്തിരം ഉഭയകക്ഷി സമ്മതപ്രകാരം എത്തിച്ചേരുന്ന ധാരണയുടെ അടിസ്ഥാനത്തിൽ തീർപ്പാകുന്ന കേസു കളിന്മേൽ കോർട്ട് ഫീ തിരികെ കൊടുക്കുന്നത് സംബന്ധിച്ച് പരിശോധിച്ചു വരികയാണ്.<br>ഇത്തരം ബദൽ തർക്കപരിഹാര സംവിധാനം സ്വീകരിക്കുന്നത് നിമിത്തം കക്ഷികൾക്ക് |

| | | |
|---|---|---|
| | | കോടതി വ്യവഹാരങ്ങൾക്ക് നഷ്ടപ്പെടുന്ന സമയം, പണം എന്നിവ ലാഭിക്കുകയും വളരെ വേഗത്തിൽ തർക്കങ്ങളിന്മേൽ ന്യായമായ പരിഹാരം ലഭിക്കുകയും ചെയ്യും. |
| (ബി) | ഇതിന്മേലുള്ള ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ? | കേരളാ സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയുടേയും അനുബന്ധ സ്ഥാപനങ്ങളുടേയും ആഭിമുഖ്യത്തിൽ നിരന്തരമായി നടത്തിവരുന്ന നിയമ ബോധവൽക്കരണ ക്ലാസുകളിൽ ബദൽ തർക്ക പരിഹാരത്തിന്റെ സാധ്യതകളെക്കുറിച്ച് പൊതുജന ങ്ങളെ ബോധവൽക്കരിച്ചുവരുന്നു. കോടതികളിൽ നിന്നും കക്ഷികൾക്ക് അയയ്ക്കുന്ന നോട്ടീസുകളിൽ ബദൽ തർക്ക പരിഹാര മാർഗ്ഗത്തെ സംബന്ധിച്ച് പരാമർശിക്കുന്നുണ്ട്. കൂടാതെ കേരളാ സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയുടെയും കേരളാ സ്റ്റേറ്റ് മീഡിയേഷൻ ആന്റ് കൺസിലിയേഷൻ സെന്ററിന്റെയും ആഭിമുഖ്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പൊതുജനങ്ങൾക്കായി 'മദ്ധ്യസ്ഥതാ തർക്കപരിഹാരത്തിനുള്ള പ്രാധാന്യം' എന്ന വിഷയത്തിന്മേൽ ശിൽപ്പശാലകൾ സംഘടിപ്പിച്ചുവരുന്നു. കളമശ്ശേരി മുനിസിപ്പാലിറ്റി, വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിലാണ് ഇത്തരത്തിലുള്ള ശിൽപ്പശാലകൾ സംഘടിപ്പിച്ചത്. തുടർന്നും ഇത്തരം ശിൽപ്പശാലകൾ സംഘടിപ്പിക്കുകയും പൊതുജനങ്ങളിലേയ്ക്ക് ബദൽ തർക്കപരിഹാര മാർഗ്ഗങ്ങൾ സംബന്ധിച്ചുള്ള അവബോധം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. |

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.